# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5159 15.11.2019 ൽ മറുപടിക്ക്

## തെരുവ് നായ്ക്കളുടെ ശരീരത്തിൽ ചിപ്പ് ഘടിപ്പിക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം. വിൻസെന്റ്** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | തലസ്ഥാന നഗരിയിൽ തെരുവ് നായ്ക്കളുടെയും വളർത്ത് നായ്ക്കളുടെയും കണക്ക് എടുക്കുവാൻ നഗരസഭ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | 2016-17 കാലഘട്ടത്തിൽ ABC Project ന്റെ ഭാഗമായി തെരുവ് നായ്ക്കളുടെയും വളർത്തു നായ്ക്കളുടെയും സർവ്വെ നടത്തിയിരുന്നു. ഇതിൻപ്രകാരം നഗരത്തിൽ 9500 തെരുവ് നായ്ക്കളും, 25000 വളർത്തു നായ്ക്കളും ഉള്ളതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി | തെരുവ് നായ്ക്കളെ വന്ധ്യംകരിച്ച് ശരീരത്തിൽ ചിപ്പ് ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | 2016-17 ൽ ABC Project ന്റെ ഭാഗമായി 10,000 മൈക്രോ ചിപ്പുകൾ വാങ്ങിയിരുന്നു. ഇവ നഗരസഭയുടെ കീഴിലുള്ള 15 മൃഗാശുപത്രികളിലായി വളർത്തു നായ്ക്കൾക്ക് ഘടിപ്പിക്കുവാനായി നൽകുകയും ചെയ്തിരുന്നു. ഇവയിൽ 1000 മൈക്രോ ചിപ്പുകൾ തെരുവ് നായ്ക്കൾക്ക് ഘടിപ്പിക്കുവാനും വകമാറ്റിയിരുന്നു. രോഗങ്ങളാലും മറ്റ് പല കാരണത്താലും വളർത്തുനായയെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണതയാണ്, നഗരത്തിൽ തെരുവ് നായ്ക്കളുടെ എണ്ണം കൂടുന്നതിന്റെ പ്രധാന കാരണം. അതിനാൽ എല്ലാ വളർത്തു നായ്ക്കൾക്കും മൈക്രോചിപ്പുകളും പെറ്റ് ലൈസൻസുകളും നൽകി വരുന്നു. ഈ പദ്ധതി പ്രകാരം 600 - ഓളം തെരുവ് നായ്ക്കൾക്കും 6200 വളർത്തു നായ്ക്കൾക്കും മൈക്രോ ചിപ്പ് ഘടിപ്പിച്ചിട്ടുണ്ട്. |
| സി | ഇതിനായി എത്ര ചിപ്പുകളാണ് നഗരസഭ വാങ്ങിയത്; ഈ പദ്ധതിയ്ക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചു; | ഇതിനായി 10,000 മൈക്രോചിപ്പുകൾ തിരുവനന്തപുരം നഗരസഭ വാങ്ങിയിട്ടുണ്ട്. ആയതിന് 25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി | ഇതിനകം എത്ര തെരുവ് നായ്ക്കൾക്ക് ചിപ്പ് ഘടിപ്പിച്ചു; നിലവിൽ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്? | ഇതിനകം 600 തെരുവ് നായ്ക്കൾക്ക് മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി വളർത്തുനായ്ക്കൾക്കും മൈക്രോചിപ്പ് ഘടിപ്പിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**